REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 18-12-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബില്ലുകൾ കേന്ദ്ര ഗവൺമെന്റ് സംയുക്ത പാർലമെന്ററി സമിതിയുടെ പരിഗണനയ്ക്ക് വിട്ടു.**
- **ഏകീകൃത വ്യക്തിനിയമം എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ രാജ്യസഭയിൽ അറിയിച്ചു.**
- **അന്താരാഷ്ട്ര പ്രവാസി ദിനാചരണം കോഴിക്കോട്ട് രാവിലെ മന്ത്രി V. അബ്ദു റഹ്മാൻ ഉദ്ഘാടനം ചെയ്യും**
- **കേരള രാജ്യാന്തര ചലച്ചിത്ര മേള ആറാം ദിനത്തിലേക്ക് കടന്നു**
- **ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗവാസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റ് മഴമൂലം വൈകുന്നു.**

## വാർത്തകൾ വിശദമായി

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബില്ലുകൾ കേന്ദ്ര ഗവൺമെന്റ് സംയുക്ത പാർലമെന്ററി സമിതിയുടെ പരിഗണനയ്ക്ക് വിട്ടു. പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ബില്ലുകൾ പാർലമെന്ററി സമിതിയ്ക്ക് വിട്ട് അതിന്റെ എല്ലാ വശങ്ങളും വിശദമായി ചർച്ച ചെയ്യണമെന്ന നിർദേശം മുന്നോട്ട് വെച്ചതെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ ലോക്സഭയെ അറിയിച്ചു.

രാജ്യസഭയിൽ ബില്ല് അവതരിപ്പിച്ച നിയമ മന്ത്രി അർജുൻ റാം മേഘ് വാൾ ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബിൽ സംയുക്ത പാർലമെന്ററി സമിതിയ്ക്ക് വിടാൻ ഗവൺമെന്റ് തയ്യാറാണെന്ന് അറിച്ചു. ബില്ലിനെതിരായ പ്രതിഷേധം രാഷ്ട്രീയ പ്രേരിതമാണെന്ന് മേഘ് വാൾ പറഞ്ഞു.

നേരത്തെ നിയമന്ത്രി അർജ്ജുൻ റാം മെഘ് വാൾ ബില്ലുകൾ സഭയുടെ മേശപ്പുറത്ത് വെച്ചപ്പോൾ പ്രതിപക്ഷ നേതാക്കൾ അതിനെതിരായ പ്രതിഷേധം സഭയിൽ ഉന്നയിച്ചിരുന്നു.

✪✪✪

ഏകീകൃത വ്യക്തിനിയമം എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ പറഞ്ഞു. ഉത്തരാഖണ്ഡിൽ ഇതിനകം തന്നെ ഏകീകൃതി സിവിൽകോഡ് കൊണ്ടുവന്നിട്ടുണ്ട്. എന്തുകൊണ്ടാണ് കോൺഗ്രസ് മുസ്ലിം വ്യക്തിനിയമത്തെ പിന്തുണയ്ക്കുന്നതെന്നും എല്ലാ മതങ്ങൾക്കും പൊതുവായ നിയമമല്ലേ ആവശ്യമെന്നും അമിത്ഷാ രാജ്യസഭയിൽ ചോദിച്ചു. ഭരണഘടനയുടെ 75 വർഷത്തെ ജൈത്രയാത്രയുമായി ബന്ധപ്പെട്ട പ്രത്യേക ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡെസ്ക് റിപ്പോർട്ട്....

(വോയ്സ്)

ഇന്ത്യൻ ഭരണഘടന കേവലമൊരു ഗവൺമെന്റ് രേഖയല്ലെന്നും രാഷ്ട്ര നിർമാണത്തിനും അധ:സ്ഥിതരുടെ ക്ഷേമത്തിനും അടിസ്ഥാന പ്രചോദനമാണെന്നും അമിത്ഷാ പറഞ്ഞു. രാജ്യത്ത് ജനാധിപത്യം ശക്തിപ്പെടുത്താനും രക്തച്ചൊരിച്ചിലില്ലാതെ അധികാരം കൈമാറുന്നതിനും ഭരണഘടന വഴിയൊരുക്കി. 16 വർഷത്തെ BJP ഭരണത്തിനിടെ 22 ഭരണഘടനാ ഭേദഗതികളാണ് നടപ്പാക്കിയത്. എന്നാൽ 55 വർഷത്തെ കോൺഗ്രസ് ഭരണത്തിനിടെ 77 ഭേദഗതികൾ കൊണ്ടുവന്നുവെന്നും അമിത്ഷാ പറഞ്ഞു. കോൺഗ്രസിന്റെ ഭേദഗതികളിൽ പലതും രാഷ്ട്രീയ പ്രേരിതമായിരുന്നു. ഇതിൽനിന്ന് വ്യത്യസ്തമായി GST, OBC കമ്മീഷന് ഭരണഘടനാ പദവി, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണം, ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും വനിതാസംവരണം തുടങ്ങിയവയ്ക്കു വേണ്ടിയാണ് NDA ഗവൺമെന്റ് ഭേദഗതികൾ നടപ്പാക്കിയതെന്നും അദ്ദേഹം വ്യക്തമാക്കി. മതാടിസ്ഥാനത്തിൽ രാജ്യത്ത് സംവരണം നടപ്പാക്കാൻ BJP ഉദ്ദേശിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസ് ന്യൂനപക്ഷ സ്ത്രീകളുടെ അവകാശങ്ങൾ ഇല്ലാതാക്കിയെന്ന് കുറ്റപ്പെടുത്തിയ അദ്ദേഹം നരേന്ദ്രമോദി ഗവൺമെന്റ് രാജ്യത്തെ അടിമത്തത്തിന്റെ മാനസികാവസ്ഥയിൽനിന്ന് സ്വതന്ത്രമാക്കിയെന്നും രാജ്യസഭയിൽ പറഞ്ഞു.

✪✪✪

ഗോവ സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളിൽ പട്ടികവർഗ പ്രാതിനിധ്യം പുനഃക്രമീകരിക്കുന്ന ബിൽ ലോക്സഭ ഇന്നലെ പരിഗണിച്ചു. കേന്ദ്ര നിയമ മന്ത്രി അർജുൻ റാം മേഘ്‌വാളാണ് ബിൽ സഭയിൽ അവതരിപ്പിച്ചത്. ഗോവ നിയമസഭയിൽ പട്ടികവർഗ്ഗക്കാർക്ക് പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് സംവരണം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ബിൽ കൊണ്ടുവന്നതെന്ന് മേഘ്‌വാൾ പറഞ്ഞു.

✪✪✪

രാജ്യത്തെ കർഷക ക്ഷേമത്തിന് പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയടക്കം ഒട്ടേറെ പദ്ധതികൾ നടപ്പാക്കി വരികയാണെന്ന് കേന്ദ്ര കൃഷി സഹ മന്ത്രി രാംനാഥ് ടാക്കൂർ ലോക് സഭയെ അറിയിച്ചു. 2014-നെ അപേക്ഷിച്ച് നടപ്പ് സാമ്പത്തികവർഷം കാർഷിക മേഖലയുടെ ബജറ്റ് വിഹിതം ആറ് മടങ്ങ് വർദ്ധിച്ചതായി രേഖാമൂലം നൽകിയ മറുപടിയിൽ ടാക്കൂർ വ്യക്തമാക്കി.

✪✪✪

കീടനാശിനി പ്രയോഗിക്കുമ്പോൾ കർഷകരെ സംരക്ഷിക്കുന്ന ശരീര കവചം - 'കിസാൻ കവച്' - ന്യൂഡൽഹിയിൽ ശാസ്ത്ര-സാങ്കേതിക വകുപ്പ് മന്ത്രി ഡോ. ജിതേന്ദ്രസിംഗ് പുറത്തിറക്കി. കഴുകി വീണ്ടും ഉപയോഗിക്കാവുന്ന കിസാൻ കവച് കർഷക സുരക്ഷ ഉറപ്പാക്കുന്നതിൽ നിർണായക പങ്ക് വഹിക്കുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ഇന്ത്യയിലാദ്യമായാണ് ഇത്തരമൊരു രക്ഷാ സംവിധാനം തയ്യാറാക്കിയത്. കീടനാശിനി തളിക്കുമ്പോൾ ഉണ്ടാകാവുന്ന വിഷബാധയും മറ്റ് ആരോഗ്യപ്രശ്നങ്ങളും തടയാൻ ഇതുവഴി കഴിയും.

✪✪✪

സംസ്ഥാനത്തെ 24 ആയുഷ് ആരോഗ്യ കേന്ദ്രങ്ങളിൽ 14 കോടി 5 ലക്ഷം രൂപയുടെ പദ്ധതികൾ മന്ത്രി വീണാ ജോർജ് ഇന്ന് ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം കോട്ടൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലാണ് ചടങ്ങ്. പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലും ഏതാനും പദ്ധതികൾ മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

വനംവകുപ്പിന്റെ സേവനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി എട്ട് ആപ്ലിക്കേഷനുകളും പരിഷ്കരിച്ച വെബ്സൈറ്റും മന്ത്രി AK ശശീന്ദ്രൻ ഇന്ന് ഉദ്ഘാടനം ചെയ്യും. വനമേഖലയിലെ ഗവേഷണത്തിനായി റീച്ച്, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് ഗ്രീൻ കണക്ട് എന്നീ ഓൺലൈൻ സംവിധാനങ്ങൾ ഇന്ന് പുറത്തിറക്കും.

✪✪✪

അന്താരാഷ്ട്ര പ്രവാസി ദിനാചരണം കോഴിക്കോട്ട് രാവിലെ മന്ത്രി V. അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്യും. നോർക്ക റൂട്ട്സ്, ലോക കേരള സഭ സെക്രട്ടറിയേറ്റിന്റെ സഹകരണത്തോടെയാണ് പ്രവാസി ദിനാചരണം സംഘടിപ്പിക്കുന്നത്. നോർക്ക റസിഡന്റ് വൈസ് ചെയർമാൻ P. ശ്രീരാമകൃഷ്ണൻ ചടങ്ങിൽ അധ്യക്ഷനായിരിക്കും. നോർക്ക പദ്ധതികളുടെ അവതരണവും പദ്ധതി ഗുണഭോക്താക്കളുടെ അനുഭവം പങ്കുവയ്ക്കലും ഇതോടൊപ്പം നടത്തും.

✪✪✪

കേരള രാജ്യാന്തര ചലച്ചിത്ര മേള ആറാം ദിനത്തിലേക്ക് കടന്നു.

ഗോൾഡൻ ഗ്ലോബ്, കാൻ ചലച്ചിത്ര മേളകളിൽ പുരസ്കാരം നേടിയ ഏഴു ചിത്രങ്ങൾ ഇന്ന് പ്രദർശിപ്പിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രെജു കൊലിയക്കോട്.

.........വോയ്സ്..........

ദി സബ്സ്റ്റൻസ്, അനോറ, ഓൾ വി ഇമാജിൻ ആസ് ലൈറ്റ്, എമിലിയ പെരെസ്, ദി ഷെയിംലെസ്സ്, കോൺക്ലേവ്, ദി സീഡ് ഓഫ് സേക്രഡ് ഫിഗ് എന്നിവയടക്കമുള്ള ചിത്രങ്ങളാണ് വിവിധ തീയേറ്ററുകളിലായി ഇന്ന് മേളയിൽ ചലച്ചിത്ര പ്രേമികൾക്കു മുന്നിലെത്തുന്നത്. ഫ്രഞ്ച് സംവിധായിക കൊരാലി ഫാർഗീറ്റ് സംവിധാനം ചെയ്ത 'ദി സബ്സ്റ്റൻസ്' കാൻ ചലച്ചിത്രമേളയിൽ മികച്ച തിരക്കഥയ്ക്കുള്ള പുരസ്കാരം നേടിയ ചിത്രമാണ്.

ചിത്രം ടാഗോർ തിയറ്ററിൽ ഉച്ചയ്ക്ക് ശേഷം 2:15ന് പ്രദർശിപ്പിക്കും.

അമേരിക്കൻ ചലച്ചിത്രകാരൻ ഷോൺ ബേക്കറിന്റെ 'അനോറ', 77 -ാമത് കാൻ ചലച്ചിത്രമേളയിൽ പാം ഡി ഓർ പുരസ്കാരത്തിനർഹമായ ചിത്രമാണ്.

ഏരീസ്പ്ലക്സി ൽ ഉച്ചയ്ക്ക് 12നാണു അനോറയുടെ പ്രദർശനം.

കാൻ മേളയിൽ ഗ്രാൻഡ് പ്രി പുരസ്കാരം നേടിയ പായൽ കപാഡിയയുടെ 'ഓൾ വി ഇമാജിൻ ആസ് ലൈറ്റ്' എന്ന സിനിമ മലയാളി അഭിനേതാക്കളുടെ സാന്നിധ്യം കൊണ്ട് കേരളത്തിലും ശ്രദ്ധ നേടിയിരുന്നു.

ചിത്രം ടാഗോർ തിയറ്ററിൽ വൈകുന്നേരം ആറ് മണിക്ക് പ്രദർശിപ്പിക്കും

ഓസ്കറിൽ മികച്ച ഫീച്ചർ ഫിലിം വിഭാഗത്തിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട മ്യൂസിക്കൽ ത്രില്ലറായ ജാക്ക്യുസ് ഓഡിയർഡിന്റെ എമിലിയ പെരെസ്

എരീസ്പ്ലെക്സിൽ രാത്രി 9 മണിക്ക് പ്രേക്ഷകർക്ക് മുന്നിലെത്തും.

കോൺസ്റ്റാന്റിൻ ബോജനോവ് സംവിധാനം ചെയ്ത 'ദി ഷെയിംലെസ്സ്'. വൈകുന്നേരം 3.15ന് ശ്രീ തിയറ്ററിൽ പ്രദർശിപ്പിക്കും. എഡ്വാർഡ് ബെർഗറുടെ മിസ്റ്ററി ത്രില്ലർ കോൺക്ലേവിന്റെ പ്രദർശനം രാത്രി 8:30 ന് നിളയിൽ നടക്കും.

ഇന്ന് പ്രദർശിപ്പിക്കുന്ന വനിതാ സംവിധായകരുടെ ചിത്രങ്ങളായ കാമദേവൻ നക്ഷത്രം കണ്ടു,വിക്ടോറിയ, അപ്പുറം, ബാൻസോ, ഇഫ് ഒൺലി ഐ കുഡ് ഹൈബർനേറ്റ്,പിയേഴ്‌സ്, ഷഹീദ്,ടോക്സിക്, എന്നിവയും ജനപ്രീതി നേടിയ ചിത്രങ്ങളാണ്.

ഹൊറർ ചിത്രമായ 'ദി ലോങ്ങ്‌ലെഗ്സ്',മിഡ്നൈറ് സ്‌ക്രീനിങ്ങിന്റെ ഭാഗമായി രാത്രി 12 മണിക്ക് നിശാഗന്ധിയിൽ പ്രദർശിപ്പിക്കും.

✪✪✪

പൊതു ശുചിമുറികളുടെ വൃത്തിയും ഗുണനിലവാരവും മെച്ചപ്പെടുത്താൻ നടപടി എടുത്ത് വരികയാണെന്ന് മന്ത്രി KN ബാലഗോപാൽ പറഞ്ഞു. കൊട്ടാരക്കര KSRTC ബസ് സ്റ്റേഷനിൽ ട്രാവലേഴ്സ് ഫെസിലിറ്റേഷൻ കോംപ്ലക്സിൽ നവീകരിച്ച 'സുലഭ് കംഫർട്ട് സ്റ്റേഷൻ' ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. യാത്രക്കാർക്കും, പൊതുജനങ്ങൾക്കും, വിനോദസഞ്ചാരികൾക്കും നല്ല ശുചിമുറികൾ ലഭ്യമാക്കുന്നത് ഗവൺമെന്റിന്റെ മുൻഗണനാ വിഷയമാണെന്ന് മന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്പോർട്സ് സ്കൂളിലെ സ്പോർട്സ് മെഡിസിൻ സെന്റർ ഉടൻ പ്രവർത്തനക്ഷമമാക്കുമെന്ന് മന്ത്രി V. അബ്ദുറഹിമാൻ പറഞ്ഞു. സ്കൂളിൽ ഇപ്പോൾ ഉപയോഗിക്കുന്ന കോർട്ടുകളിൽ അടിയന്തര അറ്റകുറ്റപണികൾ നടത്തും. അത്‌ലറ്റിക്സിലും ഫുട്ബോളിലും ആവശ്യമായ പരിശീലന സൗകര്യങ്ങൾ കണ്ടെത്താൻ ശ്രമിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

ബ്രിസ്ബെയ്നിൽ ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗവാസ്കർ ക്രിക്കറ്റ് മൂന്നാം ടെസ്റ്റ് മഴമൂലം വൈകുന്നു. ഒന്നാം ഇന്നിങ്സിൽ ഇന്ത്യ 260 റൺസിന് ഓൾഔട്ടായി. ഓസ്ട്രേലിയയേക്കാൾ 185 റൺസ് പിന്നിലാണ് ഇപ്പോൾ ഇന്ത്യ. ഓസ്ട്രേലിയയുടെ രണ്ടാം ഇന്നിംഗ്സാണ് മഴയെ തുടർന്ന് വൈകുന്നത്.

✪✪✪

ഇന്ത്യ - വെസ്റ്റ് ഇൻഡീസ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യക്ക് ഒമ്പത് വിക്കറ്റ് പരാജയം. മൂന്ന് മത്സര പരമ്പരയിൽ ഇതോടെ ഇരു ടീമുകളും ഓരോ വിജയം സ്വന്തമാക്കി. പരമ്പരയിലെ അവസാന മത്സരം നാളെയാണ്. ഇരു ടീമുകളും 22, 24, 27 തിയ്യതികളിൽ ഏകദിന മത്സരങ്ങളിലും പങ്കെടുക്കും.

✪✪✪

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് നാലാം സീസണിന്റെ പ്രചാരണത്തിന്റെ ഭാഗമായി വൈകിട്ട് കോഴിക്കോട് ബീച്ചിൽ റഗ്ബി മത്സരം നടത്തും. പുരുഷ, വനിതാ ടീമുകൾക്ക് വെവ്വേറെ മത്സരത്തിൽ ഉണ്ടായിരിക്കും. പ്രചാരണത്തിന്റെ ഭാഗമായി മറ്റന്നാൾ ബേപ്പൂർ ബീച്ചിൽ ഫുട്ബോൾ ടൂർണമെന്റും സംഘടിപ്പിക്കും. ഡിസംബർ 27, 28, 29 തീതികളിലാണ് ബേപ്പൂർ വാട്ടർ ഫെസ്റ്റ് നാലാം സീസൺ.

✪✪✪

മയ്യഴിയുടെ തീരത്തെ ശുചിത്വ സുന്ദര തീരം ആക്കി മാറ്റുന്നതിന് മെഗാ ശുചീകരണ യജ്ഞം രാവിലെ ആരംഭിച്ചു. പുതുച്ചേരി ലെഫ്റ്റനന്റ് ഗവർണർ K. കൈലാഷ് നാഥൻ അല്പസമയത്തിനകം പരിപാടി ഔപചാരികമായി ഉദ്ഘാടനം ചെയ്യും. അദ്ദേഹവും ശുചീകരണ യജ്ഞത്തിൽ പങ്കാളിയാവും.

✪✪✪

വയനാട്ടിൽ ആദിവാസി യുവാവിനെ, കാർ യാത്രക്കാർ റോഡിലൂടെ വലിച്ചിഴച്ച സംഭവത്തിൽ പട്ടിക - ഗോത്ര വർഗ കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടു. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് വിശദമായ അന്വേഷണം നടത്തി ഒരാഴ്ചയ്ക്കകം റിപ്പോർട്ട് നൽകാൻ മാനന്തവാടി DYSP ക്ക് കമ്മീഷൻ നിർദേശം നൽകിയത്.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളെജിലെ നഴ്സിംഗ് കോളേജിൽ രണ്ടാം വർഷ വിദ്യാർഥിനിയെ മരിച്ചനിലയിൽ കണ്ടെത്തി. കോട്ടയം സ്വദേശിനി ലക്ഷ്മിയാണ് മരിച്ചത്.

✪✪✪

തൃശൂർ വടക്കാഞ്ചേരിയിൽ ആയുർവേദ മരുന്ന് സംഭരണശാലയിൽ വൻ തീപിടുത്തമുണ്ടായി. ലക്ഷക്കണക്കിന് രൂപയുടെ മരുന്നുകളും അസംസ്കൃത സാധനങ്ങളും കത്തി നശിച്ചു. അപകടകാരണം അറിവായിട്ടില്ല.

✪✪✪

കൊല്ലത്ത് ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ മ്യൂസിയവും സ്ഥാപിക്കുന്ന പദ്ധതിക്ക് സംസ്ഥാന തീരദേശ വികസന കോർപറേഷനും, ഏണസ്റ്റ് ആൻഡ് യങ്ങും ധാരണാപത്രം ഒപ്പ് വെച്ചു. മത്സ്യ മേഖലാ ടൂറിസം രംഗത്ത് അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ സാന്നിധ്യം ഉയർത്തിക്കാട്ടാനും സമുദ്ര ശാസ്ത്ര ഗവേഷണവും ബോധവത്ക്കരണവും, നടപ്പാക്കാനുമാണ് ഇതു വഴി ലക്ഷ്യമിടുന്നത്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ 300 കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

കണ്ണൂരിൽ M-പോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് നിരീക്ഷണം ശക്തമാക്കി.

അബുദാബിയിൽ നിന്ന് നാട്ടിലെത്തിയ വയനാട് സ്വദേശിക്ക് ആണ് M-പോക്സ് കഴിഞ്ഞ ദിവസം സ്ഥിരീകരിച്ചത്.

വിദേശത്ത് നിന്നെത്തിയ പാനൂർ സ്വദേശിയെയും സംശയത്തെ തുടർന്ന് പരിയാരം മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. സ്രവസാമ്പിൾ പരിശോധനയ്ക്ക് അയച്ചു.

✪✪✪

റബർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഓരോ റബ്ബർ കർഷകനും, ടാപ്പിങ് തൊഴിലാളിയായി മാറണമെന്നും തൊഴിലാളി ക്ഷാമം ഇതിലൂടെ മാത്രമേ പരിഹരിക്കാൻ കഴിയൂ എന്നും കണ്ണൂർ ഇരിട്ടിയിൽ സമാപിച്ച മേഖലാതല റബ്ബർ ഗ്രോവേഴ്സ് സമ്മേളനം അഭിപ്രായപ്പെട്ടു. കാഞ്ഞങ്ങാട് മുതൽ കോഴിക്കോട് വരെ മേഖലയിലെ കർഷകർ സമ്മേളനത്തിൽ പങ്കെടുത്തു. റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. T സിജു ഉദ്ഘാടനം ചെയ്തു.

✪✪✪